ജയിലുകളുടെ നവീകരണം

219 (3731) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) (I) 2016-17 സാമ്പത്തിക വർഷത്തിൽ ജയിലുകളുടെ നവീകരണം പദ്ധതിയിൽ താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്:

1. വിയ്യൂരിലെ അതീവ സുരക്ഷാ ജയിലിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുക.
2. പത്തനംതിട്ട ജില്ലാ ജയിലിലെ ഒന്നാംഘട്ട നിർമ്മാണം.
3. ആലപ്പുഴ ജില്ലാ ജയിലിന്റെ ഒന്നാംഘട്ട നിർമ്മാണം.
4. പരിശീലന പദ്ധതികൾ.
5. മൂന്ന് സെൻട്രൽ ജയിലുകളിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തൽ .
6. ജയിൽ അടുക്കളകളുടെ നവീകരണം.
7. മൂന്ന് സെൻട്രൽ ജയിലുകളിലെ തടവുകാരുടെ ഉപയോഗത്തിനായി 2000 കട്ടിലുകൾ വാങ്ങുക.
8. പഴക്കമുള്ള ജയിൽ കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനം .

(ii) തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുക.
2. തടവുകാർക്കുള്ള വിവിധ തൊഴിൽ പരിശീലന പദ്ധതികൾ.
3. മൂന്ന് സെൻട്രൽ ജയിലുകളിൽ ആധുനിക സൗകര്യങ്ങളുള്ള ഇന്റർവ്യൂ ഹാൾ നിർമ്മിക്കുക.
4. മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് ഇതര ജയിലുകളിലും യോഗ ഉൾപ്പെടെയുള്ള വിവിധ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
5. മൂന്ന് സെൻട്രൽ ജയിലുകളിലും എല്ലാ മതവിഭാഗങ്ങളിലുംപെട്ട തടവുകാർക്കായി പ്രാർത്ഥനാ ഹാളുകൾ നിർമ്മിക്കുക.

മേൽപ്പറഞ്ഞ രണ്ട് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതികൾക്ക് പുറമെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന തവന്നൂർ സെൻട്രൽ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, മുട്ടം ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നീ പുതിയ ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) തടവുകാർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, തടവുകാരുടെ ബാഹ്യല്യം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക, ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സാമൂഹ്യ ജീവിതത്തിന് പര്യാപ്തരാക്കുക, ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

കൃഷ്ണപിള്ള സ്മാരകം തകർത്തത് സംബന്ധിച്ച കേസ്

220 (3732) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ പി. കൃഷ്ണപിള്ള സ്മാരകം തകർത്തതു സംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly